1. $27^{1/6} \times 27^{1/6} = ........?$

(a) 3 (b) 9
(c) 27 (d) 18

Correct Choice: (**a**)

Solution: $27^{1/6} \times 27^{1/6} = 27^{1/++1/6} = 27^{2/6} = 27^{1/3} = \sqrt[3]{27} = 3$

2. $40\ cm^2$ ഉപരിതല വിസ്തീർണ്ണമുള്ള മരം കൊണ്ട് നിർമ്മിച്ച ഒരു ഗോളം മുറിച്ച് രണ്ട് അർധഗോളങ്ങളാക്കി മാറ്റിയാൽ അവ ഓരോന്നിന്റെയും ഉപരിതല വിസ്തീർണ്ണം എത്ര ?

(a) $50\ cm^2$ (b) $40\ cm^2$

(c) $30\ cm^2$ (d) $20\ cm^2$

Correct Choice: (**c**)

Solution:

ഗോളത്തിന്റെ ഉപരിതലവിസ്തീർണ്ണം = $4\pi r^2 = 40\ cm^2$

അർദ്ധഗോളത്തിന്റെ ഉപരിതല വിസ്തീർണ്ണം = $3\pi r^2 = ?$

$? = 40 \times \frac{3\pi r^2}{4\pi r^2} = 30\ cm^2$

3. 24 പേർ ദിവസേന 8 മണിക്കൂർ ജോലി ചെയ്താൽ 10 ദിവസം കൊണ്ട് ഒരു ജോലി തീരും. ദിവസേന 10 മണിക്കൂർ ജോലി ചെയ്ത് 6 ദിവസം കൊണ്ട് ആ ജോലി തീർക്കാൻ എത്ര ആളുകൾ വേണം ?

(a) 26 (b) 28

(c) 30 (d) 32

Correct Choice: (**d**)

Solution:

ആവശ്യമായ ജോലിക്കാരുടെ എണ്ണം = $x$

$24 \times 8 \times 10 = x \times 10 \times 6$

$x = \frac{24 \times 8 \times 10}{10 \times 6} = 32$

4. ഒരാളുടെ ശമ്പളം 10 % കുറയ്ക്കുകയും പിന്നീട് 10 % കൂട്ടുകയും ചെയ്തു. അയാളുടെ ലാഭം/നഷ്ടം എത്ര ശതമാനം ?

(a) 1% ലാഭം (b) 1% നഷ്ടം

(c) 2% ലാഭം (d) ഇവയൊന്നുമല്ല

Correct Choice: (**b**)

Solution:

$(-10) + (10) + (\frac{-10 \times 10}{100}) = -10 + 10 - 1 = -1\%$ . നെഗറ്റീവ് ചിഹ്നം വന്നതിനാൽ നഷ്ടം ആയിരിക്കും

5. $-\frac{2}{3}$ ന്റെ ഗുണന വിപരീതം :

(a) $-\frac{3}{2}$ (b) $\frac{3}{2}$
(c) $\frac{2}{3}$ (d) $-\frac{2}{3}$

Correct Choice: (**a**)

Solution: $-\frac{2}{3}$ ന്റെ ഗുണന വിപരീതം = $-\frac{3}{2}$

ഗുണനവിപരീതം എന്നാൽ അംശവും ഛേദവും പരസ്പരം മാറ്റി എഴുതണം

6. ഒരു കുടുംബത്തിലെ 6 പേരുടെ ശരാശരി വയസ്സ് 21 ആണ്. അതിൽ ഇളയ കുട്ടിയുടെ പ്രായം 6 വയസ് ആണെങ്കിൽ ആ കുട്ടി ജനിക്കുന്നതിനു തൊട്ടു മുമ്പ് കുടുംബത്തിന്റെ ശരാശരി വയസ്സെത്ര ?

(a) 24 (b) 22

(c) 20 (d) 18

Correct Choice: (**d**)

Solution:

6 പേരുടെ ശരാശരി വയസ്സ് 21 ആയതിനാൽ 6 പേരുടെ ആകെ വയസ്സ് = $21 \times 6 = 126$

6 വർഷം മുൻപ് കുടുംബത്തിലെ അംഗങ്ങളുടെ ആകെ വയസ്സ് = $126 - 6 \times 6 = 126 - 36 = 90$

ശരാശരി വയസ്സ് = $\frac{90}{5} = 18$

7. $36\ km/hr$ . വേഗതയിലോടുന്ന $100\ m$ നീളമുള്ള ഒരു ട്രെയിനിന് $80\ m$ നീളമുള്ള ഒരു പാലം കടക്കുന്നതിന് എത്ര സമയം വേണം ?

(a) 30 sec (b) 24 sec

(c) 18 sec (d) 10 sec

Correct Choice: (**c**)

Solution:

സഞ്ചരിക്കേണ്ട ആകെ ദൂരം = $100 + 80 = 180$ മീറ്റർ
ട്രെയിനിന്റെ വേഗത = 36 km/hr = $36 \times \frac{5}{18} = 10$ m/s
പാലം കടക്കാൻ ആവശ്യമായ സമയം = $\frac{180}{10} = 18$ സെക്കൻഡ്

8. 18 ആളുകളുള്ള ഒരു ക്യൂവിൽ അരുൺ മുന്നിൽ നിന്നും ഏഴാമത്തെ ആളും ഗീത പിന്നിൽ നിന്നും പതിനാലാമത്തെ ആളും ആണ് എങ്കിൽ ഇവർക്കിടയിൽ എത്ര പേർ ഉണ്ടാകും ?

(a) 1
(b) 3
(c) 5
(d) 7

Correct Choice: (**a**)
Solution: ഗീതയുടെ പിന്നിൽ നിന്നുള്ള സ്ഥാനം = 14
ഗീതയുടെ മുന്നിൽ നിന്നുള്ള സ്ഥാനം = $18 - 14 + 1 = 4 + 1 = 5$
അരുണിന്റെ മുന്നിൽ നിന്നുള്ള സ്ഥാനം = 7
ഇരുവർക്കും ഇടയിൽ ഉള്ള ആളുകളുടെ എണ്ണം = $1$
(അതായത് മുന്നിൽ നിന്നുള്ള ആറാം സ്ഥാനക്കാരൻ)

9. ഒരു കോഡ്ഭാ ഷയിൽ CAT നെ SATC എന്നും LION നെ MIONL എന്നും സൂചിപ്പിക്കുന്നു. എങ്കിൽ TIGER നെ സൂചിപ്പിക്കുന്ന കോഡ് ഏത് ?

(a) MRTIGE
(b) TREGIT
(c) QIGERT
(d) SREGIT

Correct Choice: (**c**)
Solution:

CAT-->SATC
LION-->MIONL
കോഡെഡ് ഭാഷയിൽ ആദ്യത്തെ അക്ഷരം തന്നിരിക്കുന്ന വാക്കിലെ അവസാന അക്ഷരത്തിനു അക്ഷരമാലയിൽ തൊട്ടു മുന്നുള്ള അക്ഷരമാണ്. പിന്നീട്ടുള്ള അക്ഷരങ്ങൾ തന്നിരിക്കുന്ന പദത്തിലെ പോലെ തന്നെ തുടരുന്നു. കോഡെഡ് ഭാഷയിലെ അവസാന അക്ഷരം തന്നിരിക്കുന്ന വാക്കിലെ ആദ്യവാക്കും ആകുന്നു.
TIGER-->QIGERT

10. കൂട്ടത്തിൽപ്പെടാത്തത് എഴുതുക .

(a) ചാപം
(b) വൃത്തം
(c) ത്രികോണം
(d) ചതുരം

Correct Choice: (**a**)
Solution:

വൃത്തപരിധിയുടെ ഒരു ഭാഗത്തേയാണ് ചാപം എന്ന് പറയുന്നത്.
ബാക്കി എല്ലാം രൂപങ്ങളാണ്.

11. രഘു A യിൽ നിന്ന് യാത്ര ആരംഭിച്ച് 60 മീറ്റർ നടന്ന് വലത്തോട്ട് തിരിഞ്ഞ് 30 മീറ്റർ നടന്ന് വലത്തോട്ട് തിരിഞ്ഞ് 20 മീറ്റർ നടന്ന ശേഷം വീണ്ടും വലത്തോട്ട് തിരിഞ്ഞ് 60 മീറ്റർ നടന്ന് B യിലെത്തി. A യിൽ നിന്ന് B യിലേക്കുള്ള അകലം എത്ര ?

(a) 180 m
(b) 50 m
(c) 70 m
(d) 80 m

Correct Choice: (**b**)
Solution:

തന്നിട്ടുള്ള വസ്തുതകൾ ഉപയോഗിച്ച് ഒരു ചിത്രം വരച്ചാൽ നമുക്ക് പാദം 60-30=30 മീ, ലംബം 60-20=40 മീ ആയ ഒരു മട്ടത്രികോണം ലഭിക്കും. പുറപ്പെട്ട സ്ഥലത്തുനിന്നും ഇപ്പോൾ എത്ര ദൂരം അകലെയാണെന്ന് കണ്ടെത്താൻ മട്ടത്രികോണത്തിന്റെ കർണ്ണത്തിന്റെ അളവ് കണ്ടെത്തിയാൽ മതിയാകും. കർണ്ണം = 302+402−−−−−−−−√=900+1600−−−−−−−−−√=2500−−−−√=50 മീ

12. 2011 Feb 1 ചൊവ്വയാണെങ്കിൽ 2011 ൽ എത്ര ശനിയാഴ്ചകളുണ്ട് ?

(a) 52
(b) 53
(c) 54
(d) 51

Correct Choice: (**b**)
Solution:

case 1 :ഒരു non leap year വർഷം ശനിയാഴ്ച ആരംഭിച്ചാൽ, 53 ശനിയാഴ്ച ഉണ്ടായിരിക്കും.

case 2 : ലീപ് ഇയർ വര്ഷമായാൽ, ആദ്യത്തെ രണ്ടു ദിവസത്തിൽ ശനിയാഴ്ച ആയാൽ , ആ വര്ഷം 53 ശനിയാഴ്ച ഉണ്ടായിരിക്കും.

2011- നോൺ ലീപ് ഇയർ
Feb 1-> ചൊവ്വയാണെങ്കിൽ Jan 1--> ? ദിവസങ്ങൾ തമ്മിൽ ഉള്ള വ്യത്യാസം= 31
അധിക ദിവസം= 3
ചൊവ്വയ്ക്ക് 3 ദിവസം മുൻപ് = ശനി
Case 1 അനുസരിച്ച് 53 ശനിയാഴ്ചകളുണ്ട്

13. 5+3=34; 6+7=85; 11+6=157; 9+4=.......?

(a) 26
(b) 85
(c) 97
(d) 124

Correct Choice: (**c**)

Solution: $5+3=5^2+3^2=25+9=34$

ഇതേ രീതിയിൽ , $9+4=9^2+4^2=81+16=97$

14. 1 നും 50 നും ഇടയിൽ 6 കൊണ്ട് നിശ്ശേഷം ഹരിക്കാവുന്നതും അക്കങ്ങളുടെ തുക 6 ആയി വരുന്നതുമായ എത്ര രണ്ടക്കസംഖ്യകളുണ്ട് ?

(a) 2 (b) 3

(c) 4 (d) 7

Correct Choice: (**a**)

Solution: 1 നും 50 നും ഇടയിൽ 6 കൊണ്ട് നിശ്ശേഷം ഹരിക്കാവുന്ന സംഖ്യകൾ = 12, 18, 24, 30, 36, 42, 48

അക്കങ്ങളുടെ തുക 6 ആയി വരുന്ന സംഖ്യകൾ = 24, 42

15. ഒരു പരീക്ഷയിൽ ഹീരക്ക് പ്രീതയെക്കാൾ മാർക്ക് ഉണ്ടെങ്കിലും റീനയുടെ അത്രയും മാർക്കില്ല. സീമക്ക് മോഹിനിയുടെ അത്രയും മാർക്കില്ലെങ്കിലും റീനയെയും ഷീലയെയും അവൾ പിന്നിലാക്കി കൂട്ടത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയത് ആര് ?

(a) ഹീര (b) റീന

(c) സീമ (d) മോഹിനി

Correct Choice: (**d**)

Solution: മോഹിനി

16. x ഒരു ഒറ്റ സംഖ്യയാണ്. x ന് താഴെയുള്ള എല്ലാ ഒറ്റ സംഖ്യകളും കൂടിയപ്പോൾ 169 കിട്ടി. x എത്ര?

(a) 13 (b) 27

(c) 25 (d) 83

Correct Choice: (**b**)

Solution:

ആദ്യത്തെ $n$ ഒറ്റസംഖ്യകളുടെ തുക = $n^2=169$

ആയതിനാൽ ഒറ്റസംഖ്യകളുടെ എണ്ണം = $n=\sqrt{169}=13$

ഇതിൽ നിന്നും $x$ ന്റെ വില കണ്ടെത്താൻ 14 ആമത് വരുന്ന ഒറ്റസംഖ്യ ഏതാണെന്ന് കണ്ടെത്തിയാൽ മതി ( കാരണം $x$ ന് താഴെയുള്ള 13 ഒറ്റ സംഖ്യകളുടെ തുകയാണ് $169$)

$14$ ആമത് വരുന്ന ഒറ്റസംഖ്യ = $x=27$

17. $16\div8\div4\div2=.....?$

(a) 1 (b) 16

(c) $\frac{1}{2}$ (d) $\frac{1}{4}$

Correct Choice: (**d**)

Solution: $16\div8\div4\div2=2\div4\div2=$ \( $\frac{2}{4}\div2=\frac{1}{2}\times\frac{1}{2}=\frac{1}{4}$

18. ഒരു ക്ലാസ്സിലെ ആൺകുട്ടികളും പെൺകുട്ടികളും തമ്മിലുള്ള അംശബന്ധം 2 : 3 ആണ്. ക്ലാസ്സിൽ നിന്നും 2 ആൺകുട്ടികളും 2 പെൺകുട്ടികളും മാറിപ്പോയാൽ അവർ തമ്മിലുള്ള അംശബന്ധം 3 : 5 ആയി മാറും എങ്കിൽ ക്ലാസ്സിൽ ഇപ്പോഴുള്ള ആൺകുട്ടികളുടെ എണ്ണം എത്ര?

(a) 6 (b) 10

(c) 16 (d) 20

Correct Choice: (**a**)

Solution:

ക്ലാസ്സിലെ ആൺകുട്ടികളുടെ എണ്ണം = 2x പെൺകുട്ടികളുടെ എണ്ണം = 3x ക്ലാസ്സിൽ നിന്നും 2 ആൺകുട്ടികളും 2 പെൺകുട്ടികളും മാറിപ്പോയാൽ അവരുടെ എണ്ണം 2x-2, 3x-2 ആയിരിക്കും അതായത് ,

$\frac{2x-2}{3x-2}=\frac{3}{5}$

$10x-10=9x-6$

$x=4$

ക്ലാസ്സിൽ ഇപ്പോഴുള്ള ആൺകുട്ടികളുടെ എണ്ണം = 2x-2

=> 2×4−2 = 8−2 =6

19. 10, 18, 45, 109, ........

(a) 208 (b) 230

(c) 234 (d) 256

Correct Choice: (**c**)

Solution: $10+2^3=10+8=18$

$18+3^3=18+27=45$

$45+4^3=45+64=109$

ആയതിനാൽ അടുത്ത സംഖ്യ = $109+5^3=109+125=234$

20. $(0.333.....)\times(0.6666.....)=...........?$

(a) 0.181818...... (b) 0.198198......

(c) 0.18...... (d) 0.222......

Correct Choice: (**d**)

Solution: $0.333.......=\frac{3}{9}$

$0.666........=\frac{6}{9}$

$(0.333........)\times(0.666.......)=\frac{3}{9}\times\frac{6}{9}=\frac{3\times6}{9\times9}=\frac{18}{81}=0.2222......$

21. ഇന്ത്യൻ വ്യോമസേനയുടെ ഓണററി ഗ്രൂപ്പ് ക്യാപ്റ്റൻ പദവി ലഭിച്ച കായികതാരം ?

(a) വിശ്വനാഥൻ ആനന്ദ് (b) സച്ചിൻ ടെണ്ടുൽക്കർ

(c) ലിയാണ്ടർ പേസ്

(d) ശ്രീശാന്ത്

Correct Choice: (**b**)
Solution:

ഇന്ത്യയിൽ നിന്നുള്ള മുൻ ക്രിക്കറ്റ് താരവും, ലോകം കണ്ട ഏറ്റവും മികച്ച ക്രിക്കറ്റ് കളിക്കാരിൽ ഒരാളും ഇന്ത്യയിലെ ഒരു പാർലമെന്റ് മെമ്പറുമാണ്

22. ചോള രാജാക്കന്മാരുടെ രാജകീയ മുദ്ര ?

(a) സിംഹം

(b) ആന

(c) കടുവ

(d) കതിര

Correct Choice: (**c**)
Solution:

ജീവികളുടെ ആഹാരശൃംഖലയിലെ ഏറ്റവും ഉയർന്ന അംഗമാണ് കടുവ. കാട് അടക്കിവാഴും വിധം വാസസ്ഥലങ്ങളിൽ അധീനപ്രദേശപരിധി (Territory) നിലനിർത്തി റോന്തു ചുറ്റുന്ന സ്വഭാവം കടുവക്കുണ്ട്. ആൺകടുവകളുടെ അധീനപ്രദേശം 70 മുതൽ 100 ചതുരശ്രകിലോമീറ്റർ വരെ വരും. പെൺകടുവകൾ 25 ചതുരശ്രകിലോമീറ്ററാണ് അടക്കി വാഴുക. ഒരു ആൺകടുവയുടെ പരിധിയിൽ പല പെൺകടുവകൾ കാണുമെങ്കിലും, മറ്റൊരു ആൺകടുവയെ സ്വന്തം പരിധിയിൽ കാണുന്നത് അവ തമ്മിലുള്ള പോരാട്ടത്തിലും മിക്കവാറും ഒരു കടുവയുടെ അന്ത്യത്തിലുമായിരിക്കും അവസാനിക്കുക. ഒരു കടുവയ്ക്കു തന്നെ ഇത്ര വലിയ ഒരു പരിധി ആവശ്യമുള്ളതിനാൽ വനനശീകരണം ഈ മൃഗങ്ങളെ വളരെ ഗുരുതരമായി ബാധി

23. ദത്താവകാശ നിരോധന നയം നടപ്പാക്കിയതാര് ?

(a) ഡൽഹൗസി

(b) കാനിങ്

(c) കഴ്സൺ

(d) റിപ്പൺ

Correct Choice: (**a**)
Solution:

ഡൽഹൗസി പ്രഭു ആണ് ദത്താവകാശ നിരോധന നയം നടപ്പാക്കിയത്. 1848 -1856 ആയിരുന്നു ഡൽഹൗസി പ്രഭു അധികാരത്തിൽ ഉണ്ടായിരുന്നത്.

24. ഇന്ത്യയുടെ വന്ദ്യവയോധികൻ എന്നറിയപ്പെടുന്നത് ?

(a) മോത്തിലാൽ നെഹ്റു

(b) അബ്ദുൾ ഖാദർ മൗലവി

(c) ലാലാ ലജ്പത്റായി

(d) ദാദാബായ് നവറോജി

Correct Choice: (**d**)
Solution:

എ.ഓ. ഹ്യൂമിന്റെ കൂടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിക്കുവാൻ മുൻകൈയെടുത്ത ഭാരതീയ സ്വാതന്ത്ര്യസമരസേനാനിയാണ് ദാദാഭായ് നവറോജി ഇദ്ദേഹം "ഇന്ത്യയുടെ വന്ദ്യവയോധികൻ" എന്നറിയപ്പെടുന്നു. വസ്ത്രവ്യാപാരി, വിദ്യാഭ്യാസ വിചക്ഷണൻ, ബുദ്ധിജീവി എന്നീ നിലകളിൽ പ്രവർത്തിച്ച ഇദ്ദേഹം പാർസി വംശജനായിരുന്നു.

ഇന്ത്യയിലെ സമ്പത്ത് ബ്രിട്ടൺ ചോർത്തിയെടുക്കുന്നതിനെക്കുറിച്ച് വിവരിച്ചുകൊണ്ട് പോവെർട്ടി ആന്റ് അൺ-ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ എന്ന പുസ്തകമെഴുതുകയുണ്ടായി. 1892 മുതൽ 1895 വരെ ബ്രിട്ടീഷ് പാർലമെന്റിൽ എം. പി. ആയിരുന്നു, ബ്രിട്ടീഷ് പാർലമെന്റിലേക്ക് മൽസരിച്ച് ജയിച്ച ആദ്യത്തെ ഏഷ്യക്കാരനായിരുന്നു

25. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ഇന്ത്യൻ സംസ്ഥാനം ?

(a) കേരളം

(b) ഗുജറാത്ത്

(c) ആന്ധ്രാപ്രദേശ്

(d) തമിഴ്നാട്

Correct Choice: (**b**)
Solution:

ഇന്ത്യയുടെ പടിഞ്ഞാറെ അറ്റത്തുള്ള സംസ്ഥാനമാണ് ഗുജറാത്ത് . ഏറ്റവുമധികം വ്യവസായവൽകൃതമായ സംസ്ഥാനങ്ങളിലൊന്നായ ഗുജറാത്ത്, തുണിവ്യവസായത്തിന്റെ കേന്ദ്രംകൂടിയാണ്. രാജസ്ഥാൻ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നിവയാണ് ഗുജറാത്തിന്റെ അയൽ സംസ്ഥാനങ്ങൾ. പാകിസ്ഥാനുമായി രാജ്യാന്തര അതിർത്തിയും പങ്കിടുന്നുണ്ട്. ഗുജറാത്തി ഭാഷ സംസാരിക്കപ്പെടുന്ന പ്രദേശമാണിത്. ഗാന്ധിനഗറാണ് തലസ്ഥാനം. അഹമ്മദാബാദ്, രാജ്കോട് , സൂരത്, വഡോദര തുടങ്ങിയവയാണ് മറ്റു പ്രധാന നഗരങ്ങൾ.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടൽത്തീരം (1600 കി.മി) ഉള്ള സംസ്ഥാനമാണ് ഗുജറാത്ത്. രൂപം കൊണ്ട നാൾ മുതൽ സമ്പൂർണ്ണ മദ്യനിരോധനം നിലവിലുള്ള സംസ്ഥാനം കൂടിയാണിത്. ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി, ആദ്യത്തെ ആഭ്യന്തര മന്ത്രിയായ സർദാർ വല്ലഭായി പട്ടേൽ എന്നിവരുടെ ജന്മദേശമാണ്.

26. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിൽ 2009–10 വർഷത്തെ മികച്ച സംസ്ഥാനത്തിനുള്ള ഒന്നാം സ്ഥാനം ലഭിച്ചത് ?

(a) തമിഴ്നാട്
(b) കർണാടകം
(c) കേരളം
(d) പശ്ചിമബംഗാൾ

Correct Choice: (**c**)
Solution:

ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ അറ്റത്തുള്ള സംസ്ഥാനമാണ് കേരളം. . കിഴക്ക് തമിഴ്നാട്, വടക്ക് കർണാടകം എന്നീ സംസ്ഥാനങ്ങളും പടിഞ്ഞാറ് അറബിക്കടലുമാണ് 11 മുതൽ 121 കിലോ മീറ്റർ വരെ വീതിയും 580 കിലോ മീറ്റർ നീളവുമുള്ള കേരളത്തിന്റെ അതിർത്തികൾ.

27. ദേശീയ ഗ്രാമീണ ആരോഗ്യ പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും നിയമിക്കപ്പെടുന്ന അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകർ ?

(a) കുടുംബശ്രീ
(b) ആശ
(c) സാന്ത്വനം
(d) സമഗ്ര

Correct Choice: (**b**)
Solution:

ദേശീയ ഗ്രാമീണആരോഗ്യപദ്ധതിയുടെ ഭാഗമായി ഓരോ വില്ലേജിലും ഭാരത സർക്കാറിനാൽ നിയമിക്കപ്പെടുന്ന അംഗീകൃത സാമൂഹിക ആരോഗ്യപ്രവർത്തകരാണ് ആശ(Accredited Social Health Activists - ASHA). 2005ൽ ആരംഭിച്ച ഈ ദൗത്യസംഘത്തിന്റെ സമ്പൂർണ്ണത 2012ൽ ആണ് പ്രതീക്ഷിക്കുന്നത്..

കേരളത്തിലെ ആയിരം ജനസംഖ്യക്ക് ഒരു ആശാപ്രവർത്തക എന്നതാണ് ലക്ഷ്യം.

28. കേരളത്തിലെ ആദ്യത്തെ ബാല ഗ്രാമപഞ്ചായത്ത് ?

(a) നെടുമ്പാശ്ശേരി
(b) പനങ്ങാട്
(c) അടാട്ട്
(d) വള്ളിക്കുന്ന്

Correct Choice: (**a**)
Solution:

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്കിലെ ഒരു ഗ്രാമപഞ്ചായത്താണ് നെടുമ്പാശ്ശേരി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം കൊണ്ട് രാജ്യാന്തര പ്രശസ്തിയിലേക്കുയർന്ന ഒരു ഗ്രാമപഞ്ചായത്താണ് ഇത്.

29. ഏറ്റവും കൂടുതൽ കാലം ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നതാര് ?

(a) ഇന്ദിരാഗാന്ധി
(b) ചരൺസിങ്
(c) ജവഹർലാൽ നെഹ്റു
(d) മൊറാർജി ദേശായി

Correct Choice: (**c**)
Solution:

ജവഹർലാൽ നെഹ്രു (നവംബർ 14, 1889 - മേയ് 27, 1964) ആധുനിക ഇന്ത്യയുടെ ശില്പി എന്നു വിശേഷിപ്പിക്കപ്പെടുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി. ഇന്ത്യൻ സ്വാതന്ത്ര്യ സമരനേതാവ് രാഷ്ട്രീയ തത്ത്വചിന്തകൻ, ഗ്രന്ഥകർത്താവ്, ചരിത്രകാരൻ എന്നീ നിലകളിലെല്ലാം വ്യക്തിമുദ്രപതിപ്പിച്ച നെഹ്രു രാജ്യാന്തരതലത്തിൽ ചേരിചേരാനയം അവതരിപ്പിച്ചും ശ്രദ്ധാനേടിയിരുന്നു.

30. സുപ്രീംകോടതി ചീഫ്ജസ്റ്റിസായ ആദ്യ മലയാളി ?

(a) പി. ഗോവിന്ദമേനോൻ
(b) കെ.കെ. മാത്യു
(c) വി.ആർ. കൃഷ്ണയ്യർ
(d) കെ.ജി. ബാലകൃഷ്ണൻ

Correct Choice: (**d**)
Solution:

ഇന്ത്യയുടെ ദേശീയ മനുഷ്യാവകാശക്കമ്മീഷന്റെ അധ്യക്ഷനും[1] മുൻ പരമോന്നത ന്യായാധിപനുമാണ് കെ.ജി. ബാലകൃഷ്ണൻ (ജനനം: 12-05-1945) (ഇംഗ്ലീഷ്:K.G. Balakrishnan). മുഴുവൻ പേര് കൊനകുപ്പക്കാട്ടിൽ ഗോപിനാഥൻ ബാലകൃഷ്ണൻ. സുപ്രീം കോടതിയിൽ മുപ്പത്തിയേഴാമത് പ്രധാന ന്യായാധിപനായിരുന്ന ഇദ്ദേഹം ദളിത് വിഭാഗത്തിൽ പെട്ട ആദ്യത്തെയാളായിരുന്നു. 2007 ജനുവരി 14 മുതൽ 2010 മേയ് 12 സുപ്രീം കോടതി ചീഫ് ജസ്റ്റിസായിരുന്നു.

31. കേരള സർക്കാർ 2004ൽ ആരംഭിച്ച ഇൻഫോ പാർക്ക് സ്ഥിതി ചെയ്യുന്നതെവിടെ ?

(a) തിരുവനന്തപുരം
(b) കൊച്ചി
(c) തൃശ്ശൂർ
(d) കോഴിക്കോട്

Correct Choice: (**b**)

Solution:

ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, വെല്ലിങ്ങ്ടൺ ഐലൻഡ്, വൈപ്പിൻ ഐലൻഡ്, കണ്ണമാലി, ചെല്ലാനം, കുമ്പളങ്ങി എന്നീ പ്രദേശങ്ങളാണ് മുമ്പ് കൊച്ചി എന്നറിയപ്പെട്ടിരുന്നത്. ഇന്നു കൊച്ചി കോർപ്പറേഷനും ചുറ്റിപ്പറ്റിയുള്ള നഗര പ്രദേശവും (അർബൻ അഗ്ഗ്ലോമറേഷൻ) കൊച്ചി നഗരമായി അറിയപ്പെടുന്നു. എന്നിരുന്നാലും കൊച്ചി എന്ന പേരിൽ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, വെല്ലിങ്ങ്ടൺ ഐലൻഡ്, വൈപ്പിൻ ദ്വീപ്, പള്ളുരത്തി, കണ്ണമാലി, ചെല്ലാനം, കുമ്പളങ്ങി എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട ഒരു താലൂക്ക് നിലവിലുണ്ട്. ഇന്നത്തെ എറണാകുളം, തൃശ്ശൂർ ജില്ലകളുടെ ഭാഗങ്ങൾ ഉൾകൊണ്ട് കൊച്ചി എന്ന പേരിൽ കേരള പിറവിക്കു മുമ്പ് ഒരു നാട്ടു രാജ്യവും നിലനിന്നിരുന്നു.

ഇന്ത്യയുടെ പ്രധാനപ്പെട്ട നാവിക താവളവും രാജ്യാന്തര വിമാനത്താവളവും കൊച്ചിയിലുണ്ട്. രാജ്യത്തിന്റെ മറ്റ് പ്രധാന നഗരങ്ങളുമായി ഗതാഗത ബന്ധവുമുണ്ട്. ചരിത്രപരമായി ഏറെ പ്രാധാന്യമുള്ള ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി എന്നീ പ്രദേശങ്ങളും കൊച്ചി നഗരത്തിലാണ്. ബ്രിട്ടീഷുകാർ 'മിനി ഇംഗ്ലണ്ട്' എന്നും ഡച്ചുകാർ 'ഹോംലി ഹോളണ്ട്' എന്നും പോർത്തുഗീസുകാർ 'ലിറ്റിൽ ലിസ്ബൺ' എന്നും കൊച്ചിയെ വിളിച്ചിരുന്നു. [6] ഒരു കാലത്ത് ഇന്ത്യൻ സുഗന്ധ വ്യഞ്ജന വ്യാപാര കേന്ദ്രമായിരുന്നു കൊച്ചി. അറബിക്കടലിൽ തീരത്തുള്ള പ്രകൃതിദത്തമായ തുറമുഖമായിരുന്ന് കൊച്ചിയുടെ പ്രശസ്തിക്കു കാരണം. ഈ തുറമുഖം വഴി അറബികൾ, യഹൂദർ, പോർച്ചുഗീസുകാർ, ഡച്ചുകാർ എന്നിങ്ങനെ ധാരാളം സഞ്ചാര വ്യാപാരികൾ ഇവിടെ കടൽ കടന്നെത്തി.

32. ഇന്ത്യയിലെ ഏറ്റവും വലിയ അർധസൈനിക വിഭാഗം ?

(a) ആസാം റൈഫിൾസ്

(b) രാഷ്ട്രീയ റൈഫിൾസ്

(c) ഇൻഡോ–തിബറ്റൻ ബോർഡർ പോലീസ്

(d) സി.ആർ.പി.എഫ്

Correct Choice: (**d**)

Solution:

സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (സി.ആർ.പി.എഫ്) - ഇന്ത്യയിലെ ഏറ്റവും വലിയ അർധ സൈനിക വിഭാഗം. 1949ലെ കേന്ദ്ര റിസർവ് പോലീസ് ആക്ട് പ്രകാരം രൂപവത്കരിച്ചു. 239 ബറ്റാലിയനുകൾ (313,678 ആണ് നിലവിൽ അംഗസംഖ്യ). ക്രമസമാധാന പാലനത്തിനായി തിരഞ്ഞെടുപ്പു വേളകളിലുൾപ്പെടെ സി.ആർ.പി.എഫിന്റെ സേവനം നിർണായകമാണ്. കലാപങ്ങളും ലഹളകളുമുൾപ്പെടെയുള്ളവ നിയന്ത്രണ വിധേയമാക്കി ആഭ്യന്തര സുരക്ഷ ഉറപ്പാക്കുകയെന്നതാണ് പ്രധാന ചുമതല.

33. ഇന്ത്യൻ നവോത്ഥാനത്തിൻറെ പിതാവെന്ന് അറിയപ്പെടുന്നതാര് ?

(a) രാജാറാം മോഹൻ റോയി

(b) ബങ്കിം ചന്ദ്ര ചാറ്റർജി

(c) വിവേകാനന്ദൻ

(d) ദയാനന്ദ സരസ്വതി

Correct Choice: (**a**)

Solution:

ഇന്ത്യയിലെ ആദ്യകാല സാമൂഹ്യപരിഷ്കർത്താവും നവോത്ഥാന നായകനുമായിരുന്നു രാജാ റാം മോഹൻ റോയ്.(മേയ് 22, 1772 – സെപ്റ്റംബർ 27, 1833[1]). ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൻറെ നേതാവ് എന്ന നിലയിലും പ്രസിദ്ധി നേടിയിരുന്നു.

34. ഡൽഹി സിംഹാസനത്തിലിരുന്ന ആദ്യ വനിത സുൽത്താന റസിയ ഏത് രാജവംശത്തിൽപെട്ടതാണ് ?

(a) തുഗ്ലക്ക് വംശം

(b) ലോദി വംശം

(c) അടിമ വംശം

(d) ഖിൽജി വംശം

Correct Choice: (**c**)

Solution:

ഇന്ത്യ ഭരിച്ചിരുന്ന ഏക മുസ്ലിം വനിതാ ഭരണാധികാരിയായിരുന്നു സുൽത്താന റസിയ. ദില്ലി സുൽത്താനത്തിലെ ആദ്യ രാജവംശമായ മംലൂക്ക് രാജവംശത്തിലെ സുൽത്താൻ ഇൽത്തുമിഷിന്റെ പുത്രിയായിരുന്നു റസിയ. സ്വസഹോദരൻ വധിക്കപ്പെട്ടതിനെത്തുടർന്നാണ് അവർ ഡൽഹിയിലെ സുൽത്താനയായത്. എന്നാൽ നാലു വർഷക്കാലമേ റസിയക്ക് ഇന്ത്യ ഭരിക്കാൻ സാധിച്ചുള്ളു. ഉപജാപങ്ങളെത്തുടർന്ന് മറ്റൊരു സഹോദരനായ നാസിറുദ്ദീൻ സുൽത്താനായി. റസിയ യുദ്ധം ചെയ്തെങ്കിലും പരാജയപ്പെട്ടു

35. പ്രാചീനകാലത്ത് കേരളം ഉൾപ്പെടുന്ന പ്രദേശങ്ങൾ ഭരിച്ചിരുന്ന രാജവംശം ?

(a) പാണ്ഡ്യന്മാർ

(b) ചേരന്മാർ

(c) ചോളന്മാർ

(d) പല്ലവന്മാർ

Correct Choice: (**b**)

Solution:

ക്രിസ്തുവിനു മുൻപ് അഞ്ചാം നൂറ്റാണ്ടു മുതൽ 12-ആം നൂറ്റാണ്ടിന്റെ അവസാനം വരെ തെക്കേ ഇന്ത്യയിലെ ചില പ്രദേശങ്ങളിലായി നിലനിന്നിരുന്ന സാമ്രാജ്യമാണ് ചേര സാമ്രാജ്യം. ഇംഗ്ലീഷ്: Chera Dynasty. കേരളപുത്രർ[1] എന്നും അറിയപ്പെട്ടിരുന്നു.[2] ആദ്യകാല ചേരർ (തമിഴ്: சேரர்) മലബാർ തീരം, കോയമ്പത്തൂർ, കരൂർ, സേലം എന്നീ സ്ഥലങ്ങൾ ഭരിച്ചിരുന്നു. ചേരന്മാർ ഭരിച്ചിരുന്ന ഈ പ്രദേശങ്ങൾ ഇന്നത്തെ കേരളത്തിന്റെയോ തമിഴ്നാട്ടിന്റെയോ ഭാഗങ്ങളായിരുന്നു. ദക്ഷിണേന്ത്യയിലെ മറ്റ് രണ്ട് പ്രാചീന തമിഴ് രാജവംശങ്ങൾ ചോളരും പാണ്ഡ്യരുമായിരുന്നു. സംഘകാലഘട്ടത്തോടെ (ക്രി.മു. 100 - 200) തന്നെ ഈ മൂന്നു രാജവംശങ്ങളും മൂവേന്തർ എന്ന പേരിൽ നിലവിലുണ്ടായിരുന്നു[3]. സംഘകാലം തമിഴ് ഭാഷയുടേയും സാഹിത്യത്തിന്റേയും വളർച്ചയിലെ ഒരു സുവർണ്ണകാലമായിരുന്നു. ചേര സാമ്രാജ്യത്തിന്റെ ഭരണകാലഘട്ടം രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആദ്യകാല ചേര സാമ്രാജ്യം സംഘകാലത്തും രണ്ടാം ചേര സാമ്രാജ്യം ക്രി.വ 800 മുതൽ 1102 വരെയുമാണ്.[4]

36. ഹോർത്തൂസ് മലബാറിക്കസ് എന്ന സസ്യശാസ്ത്രഗ്രന്ഥം ആരുടെ സംഭാവനയാണ് ?

(a) പോർട്ടുഗീസുകാർ

(b) ഇംഗ്ലീഷുകാർ

(c) ഫ്രഞ്ചുകാർ

(d) ഡച്ചുകാർ

Correct Choice: (**d**)

Solution:

കേരളത്തിലെ സസ്യസമ്പത്തിനെക്കുറിച്ച് പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ലത്തീൻ ഭാഷയിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കൂസ് ('മലബാറിന്റെ ഉദ്യാനം' എന്നർഥം). കൊച്ചിയിലെ ഡച്ച് ഗവർണറായിരുന്ന ഹെൻട്രിക് ആഡ്രിയൻ വാൻ റീഡ് ആണ് ഹോർത്തൂസ് തയ്യാറാക്കിയത്. 1678 മുതൽ 1693 വരെ നെതർലാൻഡിലെ ആംസ്റ്റർഡാമിൽ നിന്നും 12 വാല്യങ്ങളിലായി പുറത്തിറക്കിയ സസ്യശാസ്ത്രഗ്രന്ഥമാണിത്. കേരളത്തിലെ സസ്യസമ്പത്തിനെക്കുറിച്ച് രചിക്കപ്പെട്ട ആദ്യത്തെ സമഗ്ര ഗ്രന്ഥം ഇതാണ്. മലയാള ലിപികൾ ആദ്യമായി അച്ചടിക്കപ്പെട്ടത് ഈ ഗ്രന്ഥത്തിലാണ്.

37. പ്രോജക്ട് ആരോ എന്ന സംരംഭം ഏത് മേഖലയുമായി ബന്ധപ്പെട്ടതാണ് ?

(a) തപാൽ

(b) ടെലികമ്യൂണിക്കേഷൻ

(c) റയിൽവേ

(d) പത്രം

Correct Choice: (**a**)

Solution:

തപാൽ ഓഫീസിന്റെ നവീകരണവുമായി ബന്ധപ്പെട്ടതാണ് പ്രോജക്ട് ആരോ എന്ന സംരംഭം.

38. ചാർമിനാർ സ്ഥിതി ചെയ്യുന്നതെവിടെ ?

(a) ആഗ്ര

(b) ബോംബെ

(c) ഹൈദരാബാദ്

(d) കൽക്കട്ട

Correct Choice: (**c**)

Solution:

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശിന്റെയും തെലങ്കാനയുടെയും സംയുക്ത തലസ്ഥാന നഗരമാണ് ഹൈദരാബാദ്. തെലങ്കാനയിൽ സ്ഥിതി ചെയ്യുന്ന ഹൈദരബാദ്, 61 ലക്ഷത്തോളം വരുന്ന ജനസംഖ്യയോടെ, ഇന്ത്യയിലെ ആറാമത് വലിയ മെട്രോ നഗരമാണ്. ചരിത്രപരവും സാംസ്കാരികവും കലാപരവുമായ പാരമ്പര്യത്താൽ വളരെ ശ്രദ്ധേയമായ ഈ നഗരം, ദക്ഷിണേന്ത്യയുടെയും ഉത്തരേന്ത്യയുടെയും ഭൂമിശാസ്ത്രപരവും നാനാവിധ-ഭാഷാ-സംസ്കാരങ്ങളുടെയും സമാഗമബിന്ദുവായും വർത്തിക്കുന്നു. നൈസാമുകളുടെ നഗരം എന്നും അറിയപ്പെടുന്ന ഹൈദരബാദ് ഇന്ത്യയിലെ തന്നെ ഏറ്റവും വികസിതമായ നഗരങ്ങളിലൊന്നാണ്. ഈ നഗരം ഇന്ന് വിവര സാങ്കേതിക വ്യവസായത്തിന്റെയും അനുബന്ധിത തൊഴിലുകളുടെയും ഇന്ത്യയിലെ പ്രധാന താൽപര്യകേന്ദ്രവുമാണ്.

--പ്രധാന ആകർഷണ കേന്ദ്രങ്ങൾ, ചാർമിനാർ, സലാർജങ് മ്യൂസിയം, ഹുസൈൻ സാഗർ തടാകം, മെക്ക മസ്ജിദ്, ലുമ്പിനി പാർക്ക്, നെഹ്രു സൂ പാർക്ക്, ഫലക്നുമ കൊട്ടാരം,, കുത്തബ് ഷാഹി ശവകടീരം, പൈഗാ ശവകടീരം.

39. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഏതു വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടതാണ് ?

(a) പ്രൈമറി വിദ്യാഭ്യാസം

(b) സെക്കൻഡറി വിദ്യാഭ്യാസം

(c) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

(d) സാങ്കേതിക വിദ്യാഭ്യാസം

Correct Choice: (**b**)

Solution:

രാജ്യത്തെ സെക്കണ്ടറി സ്കൂളുകളുടെ ഭൗതികവും വിദ്യാഭ്യാസപരവുമായ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ആരംഭിച്ച ഒരു പദ്ധതി ആണ് ഇത്. 9–ം ക്ലാസ്സു മുതൽ 12–ം ക്ലാസ്സുവരെയുള്ള സ്ഥാപനങ്ങൾക്കും കുട്ടികൾക്കുമാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക

40. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം എവിടെയാണ് ?

(a) കരിപ്പൂർ

(b) ആലുവ

(c) വല്ലാർപാടം
(d) നെടുമ്പാശ്ശേരി

Correct Choice: (**d**)
Solution:

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്കിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനഗ്രാമമാണ് നെടുമ്പാശ്ശേരി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്

41. ലോകത്തിലെ ഏക ജൂതരാഷ്ട്രം?

(a) അമേരിക്ക
(b) പലസ്തീൻ
(c) ഇസ്രായേൽ
(d) ഓസ്ട്രേലിയ

Correct Choice: (**c**)
Solution: മോദിയാണ് ലോകത്തെ ഏക ജൂതരാഷ്ട്രമായ ഇസ്രയേൽ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി.

42. മനുഷ്യനിർമിതമായ ഏറ്റവും വലിയ കെട്ടിടമാണ് അവകാശപ്പെടുന്ന ബുർജ് ഖലീഫ എവിടെയാണ് ?

(a) ദുബായ്
(b) സൌദിഅറേബ്യ
(c) കുവൈറ്റ്
(d) അബുദാബി

Correct Choice: (**a**)
Solution:

അറബ് ഐക്യനാടുകളിലെ ദുബായിയിൽ സ്ഥിതി ചെയ്യുന്ന ഒരു ഉയർന്ന കെട്ടിടമാണ് ബുർജ് ഖലീഫ 2010 ജനുവരി നാലിന് ഉദ്ഘാടനം ചെയ്ത 160 നിലകളോടു കൂടിയ ഈ ടവർ 95 കിലോമീറ്റർ ദൂരെ നിന്നു കാണാനാവും.828 മീറ്റർ ഉയരമുള്ള ഈ കെട്ടിടം ഇന്നുവരെ നിർമ്മിച്ചിട്ടുള്ള മനുഷ്യനിർമ്മിതികളിൽ ഏറ്റവും ഉയരം കൂടിയതാണ്. ഇതിന്റെ നിർമ്മാണം തുടങ്ങിയത് 21 സെപ്റ്റംബർ 2004 നാണ്.

43. ഹിമാദ്രി എന്ന പര്യവേഷണ കേന്ദ്രം ഭൂമിയുടെ ഏതു മേഖല കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത് ?

(a) അന്റാർട്ടിക്ക
(b) മിതോഷ്ണമേഖല
(c) ആർട്ടിക് പ്രദേശം
(d) ഉഷ്ണമേഖല

Correct Choice: (**c**)
Solution:

ഹിമാദ്രി സ്റ്റേഷൻ ഇന്ത്യയിലെ ആദ്യത്തെ ആർട്ടിക്ക് ഗവേഷണ കേന്ദ്രമാണ്, നോർവേ. ഉപരിതല ജലത്തിന്റെ വിശകലനവും ആർക്ടിക് മേഖലയ്ക്കടുത്തുള്ള അന്തരീക്ഷ ഗവേഷണവും, ഗണിതശാസ്ത്ര വികസനം, കാലാവസ്ഥാ വ്യതിയാനം, സൂക്ഷ്മജീവികൾ, ഹിമാനികൾ ഇതാണ് അവരുടെ ലക്ഷ്യം.

44. മത്സ്യ സമുദ്രശാസ്ത്ര പഠനത്തിനായി കേരളത്തിൽ ആരംഭിച്ച സർവകലാശാലയുടെ ആസ്ഥാനം

(a) തിരുവനന്തപുരം
(b) കൊച്ചി
(c) കോഴിക്കോട്
(d) കണ്ണൂർ

Correct Choice: (**b**)
Solution:

കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല കേരള ഫിഷറീസ്, ഓഷ്യൻ സയൻസസ് എന്നിവ പഠിക്കുന്ന കേരള യൂണിവേഴ്സിറ്റിയാണ്.

45. അടിസ്ഥാന മനുഷ്യാവകാശങ്ങളിൽ ഒന്നായി 2010ൽ യു.എൻ.ഒ. പ്രഖ്യാപിച്ചത്

(a) പാർപ്പിടത്തിനുള്ള അവകാശം
(b) വിദ്യാഭ്യാസാവകാശം
(c) സമത്വത്തിനുള്ള അവകാശം
(d) ശുദ്ധജലത്തിനും ശുചിത്വത്തിനുമുള്ള അവകാശം

Correct Choice: (**d**)
Solution:

യുണൈറ്റഡ് നേഷൻസ്: ശുദ്ധജലത്തിനും ശുചിത്വത്തിനുമുള്ള അവകാശം അടിസ്ഥാന മനുഷ്യാവകാശങ്ങളിൽ ഒന്നാണെന്ന് ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു. ഇതുസംബന്ധിച്ച പ്രമേയം 122 രാജ്യങ്ങളുടെ പിന്തുണയോടെ ഐക്യരാഷ്ട്ര പൊതുസഭ പാസ്സാക്കി. ആരും എതിർത്ത് വോട്ടുചെയ്തില്ലെങ്കിലും അമേരിക്കയും ബ്രിട്ടനുമുൾപ്പെടെ 41 രാജ്യങ്ങൾ വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നു.

സ്വന്തം പൗരന്മാർക്ക് ശുദ്ധജലമെത്തിക്കുന്നത് ഓരോ അംഗരാജ്യത്തിന്റെയും ഉത്തരവാദിത്വമാണെന്ന് പ്രഖ്യാപിക്കുന്ന പ്രമേയം ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ ഉദാരമായി സംഭാവന ചെയ്യാൻ വ്യക്തികളോടും സംഘടനകളോടും ആഹ്വാനം ചെയ്യുന്നു. ഇക്കാര്യത്തിൽ ഓരോ രാജ്യവും അനുവർത്തിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് ഐക്യരാഷ്ട്രസഭ പിന്നീട് വ്യക്തമാക്കും. അന്താരാഷ്ട്ര നിയമങ്ങളുടെ പിൻബലമില്ലാത്തതുകൊണ്ട് പ്രഖ്യാപനം പാലിക്കപ്പെടുമെന്ന് ഉറപ്പൊന്നുമില്ല. പ്രതീകാത്മക പ്രധാന്യമേയുള്ളൂവെങ്കിലും പ്രമേയം നടപ്പാക്കാൻ എല്ലാ രാജ്യങ്ങൾക്കും ധാർമിക ബാധ്യതയുണ്ട്.

46. അന്തരീക്ഷത്തിലേക്ക് കാർബൺഡൈ ഓക്സൈഡ് പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾക്കു മേൽ ചുമത്തുന്ന കാർബൺ നികുതി ആദ്യമായി ഏർപ്പെടുത്തിയ രാജ്യം ?

(a) കാനഡ
(b) അമേരിക്ക

(c) റഷ്യ

(d) ന്യൂസിലൻഡ്

Correct Choice: (**d**)
Solution:

ആഗോളതാപനത്തിന് ഒരു പ്രധാന കാരണം കാർബൺഡയോക്സൈഡിന്റെ അമിതമായ പുറത്തുവിടലാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതു കറയ്ക്കുന്നതിന്റെ ഭാഗമായി കാർബൺ നികുതി എന്ന പുതിയ ഒരു ആഗോളനികുതി നിലവിൽ വന്നിട്ടുണ്ട്.
ആഗോള താപനത്തെ അഭിമുഖീകരിക്കാൻ കാർബൺ നികുതി ഏർപ്പെടുത്താൻ ലോകത്തിലെ ആദ്യത്തെ രാജ്യമായിത്തീരുമ്പോൾ, വൈദ്യുതി, പെട്രോളിയം, വാതകം എന്നിവയ്ക്കായി ന്യൂസിലാൻഡുകാർ ആഴ്ചയിൽ 2.90 പൗണ്ട് (1.11 പൗണ്ട്) അധികം നൽകും.

47. ഇന്ത്യയുടെ ദേശീയ വിനോദം ?

(a) ഹോക്കി

(b) ക്രിക്കറ്റ്

(c) ടെന്നീസ്

(d) ഫുട്ബോൾ

Correct Choice: (**a**)
Solution:

## ഹോക്കി

- ഇന്ത്യയുടെ ദേശീയ കായിക വിനോദം -ഹോക്കി
- ഹോക്കി ടീമിലെ കളിക്കാർ- 11
- ഹോക്കി മത്സരത്തിന്റെ സമയ ദൈർഘ്യം - 70 മിനുറ്റ്
- ഒരു ഹോക്കി പന്തിന്റെ ഏകദേശ ഭാരം -150 ഗ്രാം
- ഇന്ത്യയിൽ ഹോക്കി നിയന്ത്രിക്കുന്ന സംഘടന -ഹോക്കി ഇന്ത്യ
- ഒളിമ്പിക്സ് ഹോക്കിയിൽ ഏറ്റവും കൂടുതൽ സ്വർണം നേടിയ രാജ്യം -ഇന്ത്യ
- ഹോക്കി മാന്ത്രികൻ എന്നറിയപ്പെടുന്നത്- ധ്യാൻ ചന്ദ്
- ദേശീയ കായിക ദിനം -ഓഗസ്റ്റ് 29 (ധ്യാൻ ചന്ദിന്റെ ജന്മദിനം)
- ധ്യാൻ ചന്ദിന്റെ ആത്മകഥ- ദ ഗോൾ

48. വൈറ്റ് ഹൌസ് ആരുടെ ഔദ്യോഗിക വസതിയാണ് ?

(a) ബ്രിട്ടീഷ് പ്രധാനമന്ത്രി

(b) ഇന്ത്യൻ പ്രസിഡന്റ്

(c) അമേരിക്കൻ പ്രസിഡന്റ്

(d) പാകിസ്ഥാൻ പ്രസിഡന്റ്

Correct Choice: (**c**)
Solution:

- അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക കാലാവധി നാലു വർഷമാണ്
- ഒരാൾക്ക് രണ്ടു തവണ മാത്രമേ അമേരിക്കയിൽ പ്രസിഡന്റു സ്ഥാനം വഹിക്കാനാവൂ
- അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയാണ് വൈറ്റ് ഹൗസ്
- വാഷിങ്ടൺ ഡി.സി. യിലാണ് വൈറ്റ് ഹൗസ് സ്ഥിതി ചെയ്യുന്നത്.
- വൈറ്റ് ഹൗസിൽ ആകെ 132 മുറികളുണ്ട്
- 1792 ലാണ് വൈറ്റ് ഹൗസിന്റെ നിർമ്മാണം ആരംഭിച്ചത്
- ജെയിംസ് ഹോബൻ എന്ന ശിൽപിയാണ് വൈറ്റ് ഹൗസിന്റെ രൂപരേഖ തയാറാക്കിയത്
- വൈറ്റ് ഹൗസിൽ ആദ്യമായി താമസിച്ച അമേരിക്കൻ പ്രസിഡന്റ് ജോൺ ആഡംസ്
- പ്രസിഡന്റ്സ് ഹൗസ്, എക്സിക്യൂട്ടീവ് മാൻഷൻ എന്നീ പേരുകളിലാണ് ഏറെക്കാലം വൈറ്റ് ഹൗസ് അറിയപ്പെട്ടത്.
- തിയോഡോർ റൂസ്‌വെൽറ്റ് പ്രസിഡന്റായിരിക്കുമ്പോഴാണ് 1901 ൽ വൈറ്റ് ഹൈസിന് ആ പേരു ലഭിച്ചത്
- ചൈനാ റൂം, റെഡ് റൂം, ബ്ലൂ റൂം, ഗ്രീൻ റൂം എന്നിവ വൈറ്റ് ഹൗസിലെ ചില മുറികളാണ്
- വൈറ്റ് ഹൗസിലെ ഏറ്റവും വലിയ മുറിയാണ് ഈസ്റ്റ് റൂം
- വൈറ്റ് ഹൗസിലെ പ്രസിഡന്റിന്റെ ഔദ്യോഗിക മുറി ഓവൽ ഓഫീസ് എന്നാണറിയപ്പെടുന്നത്
- അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ 35 വയസ് പൂർത്തിയായിരിക്കണം

49. താഴെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയ വര്ഷം

(a) 2007

(b) 2010

(c) 2014

(d) 2016

Correct Choice: (**d**)

Solution:

ഏറ്റവും ചൂടേറിയ വർഷമെന്ന പദവി ഇനി 2016ന് സ്വന്തം. ലോക കാലാവസ്ഥ സംഘടനയുടെ പുതിയ കണക്കനുസരിച്ചാണ് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയ റെക്കോർഡിലേക്ക് 2016 എത്തിയിരിക്കുന്നത്.

ഇതുവരെയും രേഖപ്പെടുത്തിയതിൽ നിന്നും 1.2 ഡിഗ്രി കൂടുതലായിരുന്നു ഈ വർഷം ചൂട്. കുവൈറ്റിലാണ് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത്. കുവൈറ്റിലെ മിത്രിബായിൽ 54 ഡിഗ്രി ചൂടാണ് രേഖപ്പെടുത്തിയത്. ഇന്ത്യയിലെ ഏറ്റവും കൂടിയ താപനില രേഖപ്പെടുത്തിയത് രാജസ്ഥാനിലെ ഫലോഡിയിലാണ്. 51 ഡിഗ്രി ചൂടാണ് ഇവിടെ രേഖപ്പെടുത്തിയത്.

ചൈനയുടെ കാർബൺ ബഹിർഗമനത്തിൽ 0.7 ശതമാനം കുറവുണ്ടായപ്പോൾ ഇന്ത്യയുടെ കാർബൺ ബഹിർഗമനം 2015ൽ അഞ്ച് ശതമാനം ഉയർന്നു. ഈ വർഷം ലോകത്തിൻറെ പലയിടത്തും തീക്കാറ്റും ഉണ്ടായി.

50. മലയാള ഭാഷയിൽ ആദ്യമായി ജ്ഞാനപീഠം അവാർഡ് നേടിയ എഴുത്തുകാരൻ

(a) ജി. ശങ്കരക്കുറുപ്പ്

(b) എം.ടി. വാസുദേവൻനായർ

(c) എസ്.കെ. പൊറ്റക്കാട്

(d) ഒ.എൻ.വി. കുറുപ്പ്

Correct Choice: (**a**)
Solution:

മലയാളത്തിലെ പ്രശസ്തനായ കവിയും ഉപന്യാസകാരനും സർവ്വകലാശാല അദ്ധ്യാപകനുമായിരുന്ന ജി. ശങ്കരക്കുറുപ്പ് 1901 ജൂൺ 3 ന്, ശങ്കരവാര്യരുടേയും ലക്ഷ്മിക്കുട്ടിയമ്മയുടേയും മകനായി എറണാകുളം ജില്ലയിലെ കാലടിക്കടുത്തുള്ള നായത്തോട് എന്ന സ്ഥലത്ത് ജനിച്ചു. 17-ആം വയസ്സിൽ ഹെഡ് മാസ്റ്ററായി ജോലിയിൽ പ്രവേശിച്ചു. 1937ൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. 1956ൽ അദ്ധ്യാപകജോലിയിൽ നിന്നും വിരമിച്ചു. കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, രാജ്യസഭാംഗം എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. 1978 ഫെബ്രുവരി 2ന് അന്തരിച്ചു.

-പുരസ്കാരങ്ങൾ 1961ൽ കേരള സാഹിത്യ അക്കാദമി അവാർഡ്, 1963ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് എന്നിവ അദ്ദേഹത്തിന്റെ വിശ്വദർശനം എന്ന കൃതിക്ക് ലഭിച്ചു. ആദ്യത്തെ ജ്ഞാനപീഠം ജേതാവായിരുന്നു അദ്ദേഹം. 1967ൽ സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ് ലഭിച്ചു.1965-ൽ ഓടക്കുഴൽ എന്ന കൃതിക്കാണ് അദ്ദേഹത്തിന് ജ്ഞാനപീഠം ലഭിച്ചത്. കൂടാതെ പദ്മഭൂഷൺ ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

51. ലോകത്തിലെ ഏറ്റവും വില കുറഞ്ഞ നാനോ കാറിൻറെ നിർമാതാക്കൾ

(a) മാരുതി

(b) ടാറ്റ

(c) ഹ്യുണ്ടായ്

(d) ഹോണ്ട

Correct Choice: (**b**)
Solution:

ജൂൺ 22, 2015: ടാറ്റ നാനോ ഇന്ത്യൻ വിപണിയിൽ ഇറങ്ങിയ മാസം തന്നെ ഒരു പാട് ഉപഭോക്താക്കളെ ആകർഷിക്കുന്നത് കൊണ്ട് ഇത് വിപണിക്കൊരു വാഗ്ദാനമാണന്ന തോന്നലുണ്ടാക്കുന്നു. ഈ ചെറിയ കാർ, കഴിഞ്ഞ മാസം ഇറങ്ങിയത് ശേഷം 3000-ൽ അധികം ബുക്കിംങ്ങുകൾ നേടിയെടുത്തു. ശ്രേണിയിലുള്ളവയുടെ ആവശ്യം കൂടി വരുന്നതാണ് ഏറ്റവും കൂടുതൽ രസകരമായി ഇപ്പോൾ തോന്നുന്നതും, ഇത് കാർ നിർമാതാവിൻറെ തുറുപ്പ് ചീട്ട് ആണന്ന് തെളിയിക്കുകയും ചെയ്യുരിക്കുന്നു. ഇന്ത്യൻ രൂപ 2.7 ലക്ഷം മുതൽ വില തുടങ്ങുന്ന AMT ശ്രേണിയിലുള്ളവക്ക് വേണ്ടിയുള്ള കാത്ത് നിൽപ്പ് കാലാവധി 6 ആഴ്ച്ച വരെയായി നീട്ടിയിരിക്കുന്നു. ഓട്ടോമേറ്റഡ് മാന്വൽ ട്രാൻസ്മിഷൻ ശ്രേണിയിലുള്ളവ മൊത്തം വിൽപനയുടെ 70 ശതമാനത്തോളം കൈയ്യടക്കിയിരിക്കുന്നു.

52. തന്നിരിക്കുന്നതിൽ വിറ്റാമിന്റെ കുറവ് മൂലം ഉണ്ടാകുന്ന രോഗം

(a) ഡിഫ്ത്തീരിയ

(b) എയിഡ്സ്

(c) ആർത്രൈറ്റിസ്

(d) നിശാന്ധത

Correct Choice: (**d**)
Solution:

നിശാന്ധത, തിമിരം, വിറ്റാമിൻ എ യുടെ കുറവ് മൂലമുണ്ടാകുന്ന രാത്രി അന്ധത. കണ്ണടകളുടെയോ കോണ്ടാക്റ്റുകൾ, ലെൻസുകൾ പകലും രാത്രിയും സൗഹാർദ്ദപരമായ കാഴ്ച മെച്ചപ്പെടുത്താൻ കഴിയും.

53. സൂര്യക്ഷേത്രം സ്ഥിതി ചെയ്യുന്നതെവിടെയാണ് ?

(a) ബീഹാർ

(b) കേരളം

(c) ഒറീസ്സ

(d) തമിഴ്നാട്

Correct Choice: (**c**)

Solution:

പതിമൂന്നാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ഒരു ഹൈന്ദവ ക്ഷേത്രമാണ് കൊണാർക്ക്. സൂര്യദേവൻ ആരാധനാ മൂർത്തിയായ ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത് ഒറീസ്സാ സംസ്ഥാനത്തിലെ പുരി ജില്ലയിലാണ്. ക്രിസ്തുവിനു ശേഷം 1236 നും 1264 നും ഇടയിൽ ജീവിച്ചിരുന്ന നരസിംഹദേവൻ ഒന്നാമൻ എന്ന ഗാംഗേയ രാജാവാണ് ഇത് പണി കഴിപ്പിച്ചത്. എൻ.ഡി.ടി.വിയുടെ ഒരു സർവേ പ്രകാരം ഈ ക്ഷേത്രം ഇന്ത്യയിലെ സപ്താത്ഭുതങ്ങളിൽ ഒന്നായി പരിഗണിക്കപ്പെട്ടു. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഈ ക്ഷേത്രം സ്ഥാനം പിടിച്ചിട്ടുണ്ട്. കൊണാർക്ക് ക്ഷേത്രത്തെക്കുറിച്ച് രവീന്ദ്രനാഥ ടാഗോർ പറഞ്ഞത് ഇപ്രകാരമാണ് : " ഇവിടെ കല്ലുകളുടെ ഭാഷ മനുഷ്യന്റെ ഭാഷയെ നിർവീര്യമാക്കുന്നു".

54. മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത്

(a) ഡിസംബർ 1
(b) ഡിസംബർ 10
(c) ഡിസംബർ 3
(d) ഡിസംബർ 4

Correct Choice: (**b**)
Solution:

ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശദിനമായി ആചരിക്കുന്നു. വിശ്വജനീനമായ മനുഷ്യാവകാശ പ്രഖ്യാപനം (UDHR)1948 ഡിസംബർ 10നാണ് ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചത്. 1950 ഡിസംബർ 4 നു എല്ലാ അംഗരാജ്യങ്ങളെയും മനുഷ്യാവകാശരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളെയും ഐക്യരാഷ്ട്രസഭ തങ്ങളുടെ പൊതു സമ്മേളനത്തിൽ വിളിച്ച് കൂട്ടി ഈ ദിനം ആഘോഷിക്കാൻ തീരുമാനമെടുത്തു.

55. 'ഗോൾഡൻ ഗ്ലോബ്' പുരസ്കാരം ഏതു മേഖലയുമായി ബന്ധപ്പെട്ടതാണ് ?

(a) സാഹിത്യം
(b) സിനിമ
(c) സാമൂഹ്യസേവനം
(d) ഇതൊന്നുമല്ല

Correct Choice: (**b**)
Solution:

ചലച്ചിത്ര-ടെലിവിഷൻ രംഗത്തെ മികച്ച നേട്ടങ്ങളെ അംഗീകരിക്കുന്നതിനായി ഹോളിവുഡ് ഫോറിൻ പ്രസ് അസോസിയേഷൻ നൽകുന്ന പുരസ്കാരമാണ് ഗോൾഡൻ ഗ്ലോബ് അവാർഡ്.

56. ഗാന്ധിജിയുടെ അന്ത്യവിശ്രമസ്ഥലം

(a) ശാന്തിവനം
(b) വിജയ്ഘട്ട്
(c) ശക്തിസ്ഥൽ
(d) രാജ്ഘട്ട്

Correct Choice: (**d**)
Solution:

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയുടെ ശവസംസ്കാരം നടത്തിയിട്ടുള്ള സ്മാരകമാണ് രാജ്ഘട്ട് എന്നറിയപ്പെടുന്നത്. അദ്ദേഹത്തെ ഇവിടെ സംസ്കരിച്ചത് 31 ജനുവരി 1948 ലാണ്. ഇത് തുറന്ന ഒരു സ്ഥലമാണ്. അദ്ദേഹത്തെ സംസ്കരിച്ച സ്ഥലത്ത് മനോഹരമായ മാർബിൾ കൊണ്ട് നിർമ്മിച്ച ഒരു സ്മാരകം സ്ഥിതി ചെയ്യുന്നു. ഇതിന്റെ അറ്റത്ത് ഒരു വിളക്ക് കെടാതെ കത്തിച്ചു വച്ചിരിക്കുന്നു.

രാജ്ഘട്ട് സ്ഥിതി ചെയ്യുന്നത് യമുനയുടെ തീരത്തായിട്ടാണ്.

57. കേരളസംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത് എന്ന്?

(a) 1993 ഒക്ടോബർ 12
(b) 1992 ജനുവരി 31
(c) 1996 മാർച്ച് 14
(d) 1998 ഡിസംബർ 11

Correct Choice: (**d**)
Solution:

1993 ഒക്ടോബർ 12 - ദേശീയ മനുഷ്യാവകാശ കമ്മീഷൻ

1992 ജനുവരി 31 - ദേശീയ വനിതാ കമ്മിഷൻ

1996 മാർച്ച് 14 - സംസ്ഥാന വനിതാ കമ്മിഷൻ

58. സംസ്ഥാന വനിതാ കമ്മീഷന്റെ ആസ്ഥാനം

(a) തിരുവനന്തപുരം
(b) എറണാകുളം
(c) കോഴിക്കോട്
(d) ആലപ്പുഴ

Correct Choice: (**a**)

Solution:

കേരള സർക്കാർ 1990ൽ ദേശീയവനിതാകമ്മീഷന് അനുസൃതമായി കേരള വനിതാ കമ്മീഷൻ ബില്ലിന്റെ കരട് രൂപം തയ്യാറാക്കുകയും രാഷ്ട്രപതിയുടെ അംഗീകാരത്തിനയക്കുകയും ചെയ്തു.കേരള വനിതാ കമ്മീഷൻ ബില്ലിന്റെ കരട് രൂപം തയ്യാറാക്കിയത് അന്നത്തെ സാമൂഹ്യക്ഷേമവകുപ്പ് മന്ത്രിയായിയിരുന്ന ശ്രീമതി.കെ.ആർ ഗൗരിയമ്മയുടെയും മേൽനോട്ടത്തിൽ ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെയും ജസ്റ്റിസ് സുബ്രമഹ്ണ്യൻ പോറ്റിയുടെയും വിവിധ വനിതാസംഘടനകളുടെയും നിയമോപദേശങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ്.അഞ്ചു വർഷത്തിനു ശേഷമാണ് ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമായത്.

രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി 19.9.1995ൽ കേരള വനിതാകമ്മീഷൻ ആക്ട് പാസ്സാക്കി. 14.6.1996 ൽ ശ്രീ.എ.കെ.ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലയളവിൽ ആദ്യത്തെ കമ്മിഷൻ നിലവിൽ വന്നു.സുപ്രസിദ്ധ കവയിത്രിയും സാമൂഹ്യപ്രവർത്തകയുമായ ശ്രീമതി.സുഗതകുമാരി ആയിരുന്നു ആദ്യത്തെ ചെയർപേഴ്സൻ.കൂടാതെ വിശിഷ്ട വ്യക്തികളായ മൂന്ന് അംഗങ്ങളും രണ്ട് എക്സ് ഒഫിഷ്യോ അംഗങ്ങളും ആദ്യത്തെ കമ്മിഷനിൽ ഉണ്ടായിരുന്നു.1997 ൽ നിയമാനുസൃതം കമ്മീഷൻ പുന.സംഘടിപ്പിക്കുകയും അപ്പോഴത്തെ സാമൂഹ്യക്ഷേമവകുപ്പ് മന്ത്രിയായിരുന്ന ശ്രീമതി.സുശീല ഗോപാലന്റെ ഉത്ഘാടനത്തോടു കൂടി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

59. ഐക്യരാഷ്ട്ര സഭയിൽ ആദ്യമായി ഹിന്ദിയിൽ പ്രസംഗിച്ചതാര് ?

(a) എൽ.കെ. അദ്വാനി

(b) വി.കെ. കൃഷ്ണമേനോൻ

(c) ശശി തരൂർ

(d) എ.ബി. വാജ്പേയ്

Correct Choice: (**d**)
Solution:

അടൽ ബിഹാരി വാജ്പേയി ഡിസംബർ 25, 1924 - 16 ആഗസ്റ്റ് 2018) ഇന്ത്യയുടെ 10-മത് പ്രധാനമന്ത്രിയായിരുന്നു. 1924 ഡിസംബർ 25ന് മധ്യപ്രദേശിലെ ഗ്വാളിയാറിൽ അദ്ദേഹം ജനിച്ചു. ഭാരതീയ ജനതാ പാർട്ടിയുടെ മുതിർന്ന നേതാവായ അദ്ദേഹം മൂന്ന് തവണ ഇന്ത്യയുടെ പ്രധാനമന്ത്രിയായി. 1996 മെയ് 16ന് പ്രധാനമന്ത്രിയായി അധികാരത്തിലെത്തിയ ആദ്യ മന്ത്രിസഭ 13 ദിവസത്തിനു ശേഷം രാജിവെച്ചു. 1998-ൽ വീണ്ടും അധികാരത്തിലെത്തിയെങ്കിലും 1999-ൽ എ. ഐ. എ. ഡി. എം. കെ പിന്തുണ പിൻവലിച്ചതിനെത്തുടർന്ന് നടന്ന വിശ്വാസവോട്ട് അതിജീവിക്കാൻ കഴിഞ്ഞില്ല. 1999-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ ഭാരതീയ ജനതാ പാർട്ടിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ ഭൂരിപക്ഷം നേടിയപ്പോൾ വീണ്ടും പ്രധാനമന്ത്രിയായി. 2004-ലെ പൊതുതിരഞ്ഞെടുപ്പ് വരെ തൽസ്ഥാനത്ത് തുടർന്നു. ജവഹർലാൽ നെഹ്രുവിനു ശേഷം തുടർച്ചയായി രണ്ടു തവണ പ്രധാനമന്ത്രിയായ ആദ്യ നേതാവാണ് വാജ്പേയി.പൊഖ്റാൻ ആണവ പരീക്ഷണവും(മേയ് 1998) കാർഗിൽ യുദ്ധവും 2001ലെ പാർലിമെന്റ് ആക്രമണവും നടന്നത് വാജ്പേയിയുടെ ഭരണകാലത്തായിരുന്നു. പരമോന്നത ബഹുമതിയായ ഭാരതരത്ന നൽകി രാജ്യം ആദരിച്ച അഞ്ചാമത്തെ പ്രധാനമന്ത്രിയാണ് ശ്രീ അടൽ ബിഹാരി വാജ്പേയ്. മൂത്രാശയ അണുബാധ, വൃക്ക സംബന്ധമായ രോഗങ്ങൾ കാരണം ഏറെ നാളായി ചികിത്സയിലായിരുന്ന വാജ്പേയി, ഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ വച്ച് 2018 ഓഗസ്റ്റ് 16-ന് വൈകന്നേരം അന്തരിച്ചു.

60. ഏഴ് ദ്വീപുകളുടെ നഗരം എന്നറിയപ്പെടുന്നതേത് ?

(a) കൊൽക്കത്ത

(b) ചെന്നൈ

(c) മുംബൈ

(d) അഹമ്മദാബാദ്

Correct Choice: (**c**)
Solution:

മുംബൈയിലെ ഏഴ് ദ്വീപ്പസമൂഹങ്ങളെക്കുറിച്ച് ബോംബെ, പരേൽ, മാസഗോൺ, മഹിം, കൊളാബ, വോർളി, ഓൾഡ് വമൻസ് ഐലൻഡ് .

61. കേരളത്തിന്റെ സംസ്ഥാന മത്സ്യം ഏത് ?

(a) കരിമീൻ

(b) മത്തി

(c) ചെമ്മീൻ

(d) അയല

Correct Choice: (**a**)
Solution:

കേരളത്തിൽ ഏറ്റവും വിശിഷ്ടമായ മീൻ കരിമീൻ തന്നെ യാണ്.കരിമീനിന്റെ ഭക്ഷ്യ-സാമ്പത്തിക മൂല്യങ്ങളും അതിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് കരിമീനിനെ കേരള സംസ്ഥാന മത്സ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്.2010-2011 കേരളസംസ്ഥാന സർക്കാർ കരിമീൻ വർഷമായി പ്രഖ്യാപിച്ചു.

62. 2010 – ലെ എഴുത്തച്ഛൻ പുരസ്കാരം ആർക്കാണ് ലഭിച്ചത് ?

(a) ഒ. എൻ. വി. കുറുപ്പ്

(b) ഡോ. എം. ലീലാവതി

(c) സുഗതകുമാരി

(d) എം. ടി. വാസുദേവൻ നായർ

Correct Choice: (**b**)

Solution:

എഴുത്തച്ഛൻ പുരസ്കാരം നേടിയത്
2014 ലെ =വിഷ്ണുനാരായണൻ നമ്പൂതിരി.
2015= പുതുശ്ശേരി രാമചന്ദ്രൻ
2016= സി. രാധാകൃഷ്ണൻ

2017=കെ. സച്ചിദാനന്ദൻ

63. ഇന്ത്യയുടെ സമ്പൂർണ്ണ വിദ്യാഭ്യാസ ഉപഗ്രഹം ?

(a) കല്പന
(b) ഇൻസാറ്റ്
(c) എഡ്യൂസാറ്റ്
(d) അനുസാറ്റ്

Correct Choice: (**c**)
Solution:

ഭാരതത്തിന്റെ ആശയവിനിമയ സംവിധാനങ്ങൾക്കും, കാലാവസ്ഥാ നിരീക്ഷണത്തിനും മറ്റുമായി ഇസ്രോ വിക്ഷേപിച്ചിട്ടുള്ള വിവിധോദ്ദേശ ഭൂസ്ഥിര ഉപഗ്രഹങ്ങളുടെ പരമ്പരയാണ് ഇൻസാറ്റ് എന്നറിയപ്പെടുന്നത്. Indian National Satellite System (ഇന്ത്യൻ ദേശീയ ഉപഗ്രഹ സംവിധാനം) എന്നതിന്റെ ചുരുക്കപ്പേരാണ് ഇൻസാറ്റ് (ആംഗലേയം:INSAT). 1983ൽ കമ്മീഷൻ ചെയ്യപ്പെട്ട ഇൻസാറ്റ് പരമ്പരയാണ് ഏഷ്യാ-പസിഫിക് മേഖലയിലെ ഏറ്റവും വലിയ സ്വദേശീയ വാർത്താവിനിമയ ശൃംഖല. ഈ പരമ്പരയിലെ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉപഗ്രഹങ്ങൾ ഇൻസാറ്റ്-2E, ഇൻസാറ്റ്-3A, ഇൻസാറ്റ്-3B, ഇൻസാറ്റ്-3C, ഇൻസാറ്റ്-3E, കല്പന-1 (മെറ്റ്സാറ്റ്), ജിസാറ്റ്-2, എഡ്യൂസാറ്റ് (ജിസാറ്റ്-3) ഇൻസാറ്റ്-4A എന്നിവയാണ്. ഇൻസാറ്റ് പരമ്പരയിലെ ഉപഗ്രഹങ്ങൾ ടെലിവിഷൻ ചാനലുകൾക്കും മറ്റു വാർത്താവിനിമയ ഉപാധികൾക്കുമായി അനവധി ട്രാൻസ്പോണ്ടറുകൾ(Transponder) (ഏകദേശം 150-ഓളം) വിവിധ ബാൻഡുകളിലായി(സി, കെ.യു, എക്സ്റ്റൻഡഡ് സി, എസ്) നൽകുന്നുണ്ട്. ഈ പരമ്പരയിലെ ചില ഉപഗ്രഹങ്ങളിൽ കാലാവസ്ഥാ പഠനങ്ങൾക്കായി ഹൈ റെസല്യൂഷൻ റേഡിയോമീറ്റർ, സിസിഡി കാമറകൾ തുടങ്ങിയ ആധുനിക ഉപകരണങ്ങളും ഘടിപ്പിച്ചിട്ടുണ്ട്. ഈ ഉപഗ്രഹങ്ങളിൽ ദക്ഷിണേഷ്യാ-ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ അപകടത്തിൽ പെടുന്ന കപ്പലുകളിൽനിന്നും മറ്റുമുള്ള സിഗ്നലുകൾ സ്വീകരിക്കാനായുള്ള ട്രാൻസ്പോണ്ടറുകളുമുണ്ട്. കോസ്പാസ്-സർസാറ്റ് പദ്ധതിയിലെ അംഗമായ ഇസ്രോ ഈ ഉപഗ്രഹങ്ങളുടെ സഹായത്താൽ അപകടത്തിൽ പെട്ട കപ്പലുകളെയും മറ്റും കണ്ടുപിടിക്കാനും രക്ഷാനടപടികൾ കൈക്കൊള്ളാനും സഹായിക്കാറുണ്ട്.

64. 2010 ൽ ആഫ്രിക്കയിൽ നടന്ന ലോകകപ്പ് ഫുട്ബോളിൽ കിരീടമണിഞ്ഞ രാജ്യം ?

(a) ഇറ്റലി
(b) സ്പെയിൻ
(c) ജർമനി
(d) ബ്രസീൽ

Correct Choice: (**b**)
Solution:

ഫിഫയുടെ നേതൃത്വത്തിൽ നടന്ന പത്തൊൻപതാമത് അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെന്റാണ് ഫിഫ ഫുട്ബോൾ ലോകകപ്പ് 2010. 2010 ജൂൺ 11 മുതൽ ജൂലൈ 11 വരെ ദക്ഷിണാഫ്രിക്കയിലാണ് ഇത് നടന്നത്. ചരിത്രത്തിൽ ആദ്യമായാണ് ലോകകപ്പ് ഒരു ആഫ്രിക്കൻ രാജ്യത്ത് നടക്കുന്നത്. ഫിഫയുടെ ഔദ്യോഗിക ഫുട്ബോൾ ടീമുകളുള്ള 208 രാജ്യങ്ങളിലെ 204 രാജ്യങ്ങൾ മത്സരിച്ച് 2007 ഓഗസ്റ്റ് മാസം മുതൽ ആരംഭിച്ച മത്സരങ്ങളുടെ അവസാനഘട്ടമായിട്ടാണ് ഈ മത്സരം നടക്കുന്നത്. ഇത് കണക്കിലെടുക്കുമ്പോൾ 2008 ഒളിമ്പിക്സിൽ പങ്കെടുത്ത അത്രയും രാജ്യങ്ങൾ തന്നെ ഇവിടെയും മത്സരിക്കുന്നു എന്നു കാണാം.

2010 ജൂലൈ 11-ന് ജോഹന്നാസ്ബർഗ്ഗിലെ സോക്കർ സിറ്റിയിൽ നടന്ന ഫൈനലിൽ ഹോളണ്ടിനെതിരെ അധിക സമയത്തിന്റെ 26-ആം മിനുട്ടിൽ ഇനിയേസ്റ്റ നേടിയ ഒരു ഗോളിലൂടെ സ്പെയിൻ ലോകകപ്പ് 2010 ഫുട്ബോൾ ചാമ്പ്യന്മാരായി. ഇതാദ്യമായാണ് സ്പെയിൻ ലോകകപ്പ് നേടുന്നത്.

65. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം ആരംഭിച്ചതെന്ന് ?

(a) 1945
(b) 1942
(c) 1947
(d) 1940

Correct Choice: (**b**)
Solution:

ഇന്ത്യക്ക് ഉടനടി സ്വാതന്ത്ര്യം നൽകുക എന്ന മഹാത്മാഗാന്ധിയുടെ ആഹ്വാന പ്രകാരം 1942 ഓഗസ്റ്റ് മാസം ആരംഭിച്ച നിയമ ലംഘന സമരമാണ് ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം(ഭാരത് ച്ഛോടോ ആന്ദോളൻ അഥവാ ഓഗസ്റ്റ് പ്രസ്ഥാനം). രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടുന്ന സമയത്ത് 1939 സെപ്റ്റംബറിൽ വാർദ്ധയിൽ വെച്ചു നടന്നകോൺഗ്രസ് പാർട്ടിയുടെ പ്രവർത്തക സമിതി യോഗത്തിൽ ഉപാധികൾക്കു വിധേയമായി ഫാസിസത്തിനു എതിരേയുള്ള സമരത്തെ അനുകൂലിക്കുന്ന പ്രമേയം പാസ്സാക്കി, പക്ഷേ ഇതിനു പകരമായി സ്വാതന്ത്ര്യം ആവശ്യപ്പെട്ടപ്പോൾ ബ്രിട്ടീഷുകാർ ആ ആവശ്യം നിരസിക്കുകയാണു ചെയ്തത്

66. കേസരി പത്രം ആരുടേതാണ് ?

(a) ബാലഗംഗാധര തിലകൻ
(b) ഗോപാലകൃഷ്ണ ഗോഖലെ
(c) എം.ജി. റാനഡെ
(d) അരവിന്ദഘോഷ്

Correct Choice: (**a**)
Solution:

പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്നു കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു

67. ഇന്ത്യയിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ സത്യാഗ്രഹം എവിടെ വച്ചായിരുന്നു ?

(a) ഖേദ
(b) അഹമ്മദാബാദ്
(c) ചമ്പാരൻ
(d) വൈക്കം

Correct Choice: (**c**)
Solution:

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വികസിപ്പിച്ചെടുത്ത അഹിംസയിലധിഷ്ഠിതമായ ഒരു സമരരീതിയാണ് സത്യാഗ്രഹം. ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലഘട്ടത്തിലും ദക്ഷിണാഫ്രിക്കയിലെ ആദ്യകാലങ്ങളിലും ഗാന്ധിജി ഈ സമരമുറ ഉപയോഗിക്കുകയുണ്ടായി.ഏതു തരത്തിലുള്ള പീഡനത്തെയും അടിച്ചമർത്തലിനെയും നേരിടാൻ തയ്യാറാകുന്ന സത്യാഗ്രഹി സ്വായത്തമാക്കിയിരിക്കുന്നത് ആത്മനിഷ്ഠമായ ശക്തിയാണ്. 1906 സെപ്റ്റംബർ 11- ന് ജോഹന്നാസ് ബർഗിൽ ചേർന്ന യോഗത്തിൽ വെച്ചാണ് ഗാന്ധിജിയുടെ പ്രക്ഷോഭ സമരങ്ങൾക്ക് സത്യാഗ്രഹം എന്ന പേർ നൽകുന്നത്. നല്ലകാര്യത്തിനുവേണ്ടി ഉറച്ചു നിൽക്കുക എന്ന് അർത്ഥം വരുന്ന ' സദാഗ്രഹ ' എന്ന പേര് മദൻലാൽ ഗാന്ധി നിർദ്ദേശിച്ചപ്പോൾ അതു ഗാന്ധിജി സത്യാഗ്രഹം എന്ന ഭേദഗതി ചെയ്യുകയായിരുന്നു. ലോകമെമ്പാടുമുള്ള വീര സമരനായകർക്ക് പ്രചോദനമാകാൻ ഈ സമരരീതിക്ക് കഴിഞ്ഞു. അമേരിക്കയിലെ പൗരാവകാശ സമരങ്ങളിൽ സത്യാഗ്രഹ സമരമുറ സ്വീകരിച്ച മാർട്ടിൻ ലൂഥർ കിംഗ് തന്നെ ഇതിന് മികച്ച ഉദാഹരണം.

68. നിങ്ങൾ എനിക്ക് രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം, എന്ന് പ്രഖ്യാപിച്ച നേതാവ് ?

(a) ഭഗത്സിംഗ്
(b) ചന്ദ്രശേഖർ ആസാദ്
(c) സി. ആർ. ദാസ്
(d) സുഭാഷ്ചന്ദ്രബോസ്

Correct Choice: (**d**)
Solution:

സുഭാഷ് ചന്ദ്ര ബോസ് 1897 ജനവരി 23ന് ജാനകീനാഥ് ബോസിനും പ്രഭാവതിക്കും ആറാമത്തെ പുത്രനും ഒമ്പതാമത്തെ സന്തതിയുമായി ജനിച്ചു. ഒറീസയിലെ കട്ടക്കായിരുന്നു ജന്മദേശം. അന്ന് ബംഗാളിന്റെ ഭാഗമായിരുന്നു കട്ടക്ക്. അദ്ദേഹത്തിന് നാലുവയസ്സുള്ളപ്പോൾ ആ കുടുംബം ബംഗാളിലേക്ക് കുടിയേറി. ബംഗാളിനെ സംബന്ധിച്ച് രാഷ്ട്രീയമായ തീവ്രപ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാലഘട്ടമായിരുന്നു.

ഭിന്നിപ്പിച്ച് രാജ്യത്തെ അസ്ഥിരപ്പെടുത്തുക എന്ന കൊളോണിയൻ സിദ്ധാന്തപ്രകാരം ബംഗാൾ വിഭജനം നടന്നു. പ്രൊട്ടസ്റ്റന്റ് മിഷണറീസ് നടത്തിയിരുന്ന ഒരു യൂറോപ്യൻ മാതൃകയിലുള്ള സ്കൂളിലാണ് സുഭാഷ് തന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനായി ചേർന്നത്. സുഭാഷ് ചെറുപ്പത്തിൽ ഒരിക്കലും ഇംഗ്ലീഷ് ഭാഷ സംസാരിച്ചിരുന്നില്ല. ബ്രിട്ടീഷ് നേതൃത്വത്തിലുള്ള വിദ്യാഭ്യാസരീതിയിൽ കുട്ടിയായിരുന്ന സുഭാഷ് സംതൃപ്തനല്ലായിരുന്നു. സാമൂഹ്യപ്രശ്നങ്ങളിൽ നിന്നകന്നു നിൽക്കുന്ന ഈ വിദ്യാഭ്യാസ സംസ്കാരം സുഭാഷിന് ദഹിച്ചില്ല.

69. ഭാഷാ അടിസ്ഥാനത്തിൽ രൂപം കൊണ്ട ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം :

(a) മധ്യ പ്രദേശ്
(b) ആന്ധ്ര
(c) ഉത്തർ പ്രദേശ്
(d) കേരളം

Correct Choice: (**b**)
Solution:

1953 ഒക്ടോബർ 1 ന് ആണ് ഭാഷാ അടിസ്ഥാനത്തിൽ ആന്ധ്രാ രൂപം കൊണ്ടത്.

70. ഇന്ത്യയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച വർഷം ?

(a) 1981
(b) 1980
(c) 1974
(d) 1975

Correct Choice: (**d**)
Solution:

ഇന്ദിരാ ഗാന്ധി അടിയന്തരാവസ്ഥ അത്ഭുതപൂർവ്വമായ വളർച്ച കൈവരിക്കുകയുണ്ടായി. 1975 ഇന്ദിര ഇന്ത്യയിൽ പ്രഖ്യാപിച്ച അടിയന്തരാവസ്ഥകാലത്ത് അവർ ഒരു ഏകാധിപതിയെപ്പോലെയാണ് പെരുമാറിയിരുന്നത്.

71. We can travel ........... land water.

(a) by
(b) on
(c) through
(d) in

Correct Choice: (**a**)

72. He came after his friend .............

(a) has left
(b) have left

(c) is left (d) had left

Correct Choice: (**d**)

73. From here we can watch the _ of the sun.

(a) rise (b) rising

(c) risen (d) rose

Correct Choice: (**b**)

Solution:

It says that we 'can watch' so it is an event which has not yet happened, so the past tense cannot be used. Therefore use 'rising' because rising of the sun is an event that will happen in the future.

74. The number of girls ........... very low.

(a) are (b) is

(c) were (d) have

Correct Choice: (**b**)

75. This is............ unusual matter.

(a) an (b) the

(c) a (d) of

Correct Choice: (**a**)

Solution:

an - the form of the indefinite article used before words beginning with a vowel sound.

76. The weak should not _________

(a) insulted (b) insulting

(c) be insulting (d) be insulted

Correct Choice: (**d**)

77. Ram is the ........... of all the boys.

(a) able (b) abler

(c) ablest (d) clever

Correct Choice: (**c**)

78. Opposite of the word 'conceal' is ...........

(a) close (b) reveal

(c) open (d) discover

Correct Choice: (**b**)

79. Synonym of 'liberal' is:

(a) loving (b) tolerant

(c) generous (d) gentle

Correct Choice: (**c**)

Solution:

liberal - given, used, or occurring in generous amounts.

80. There was complete peace during his ____

(a) rain (b) rein

(c) reigne (d) reign

Correct Choice: (**d**)

Solution:

reign - hold royal office

81. 'In high spirits' means:

(a) confused (b) cheerful

(c) thoughtful (d) sad

Correct Choice: (**b**)

82. A government by one person is:

(a) autocracy (b) oligarchy

(c) bureaucracy (d) theocracy

Correct Choice: (**a**)

83. I waited for hours, but my friend did not ...........

(a) turn about
(b) turn around
(c) turn up
(d) turn out

Correct Choice: (**c**)
Solution:

turn up - to arrive

84. The wrongly spelt word is:

(a) referring
(b) begining
(c) accepting
(d) stopping

Correct Choice: (**b**)
Solution:

correct usage - beginning

85. Teacher asked the students ........... make noise.

(a) do not
(b) should not
(c) not to
(d) does not

Correct Choice: (**c**)

86. ________ you ring the bell, they won't open the door.

(a) If
(b) Unless
(c) Though
(d) Till

Correct Choice: (**b**)

87. If you make a promise, you ___ it.

(a) must keep
(b) have kept
(c) kept
(d) keep

Correct Choice: (**a**)
Solution:

Obligation and necessity Must expresses strong obligation and necessity:

I must talk to you about the new project.

Seat belts must be worn even in the back of the car.

There must be a minimum of two members of the company at the meeting.

88. There is an exception .................... every rule.

(a) for
(b) to
(c) on
(d) at

Correct Choice: (**b**)

89. We respect people........... speak the truth.

(a) who
(b) whom
(c) which
(d) whose

Correct Choice: (**a**)

90. People won't like me, ..........

(a) don't they ?
(b) do they ?
(c) will they ?
(d) won't they

Correct Choice: (**c**)
Solution:

In case of question tags, if the statement part is positive then the question part will be negative.

They won't like me, will they?

They will like me, won't they?

They won't = they will not, so change that to positive, ie will they.

91. താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായ പദം ഏത് ?

(a) പ്രാരബ്ദം
(b) പ്രാരബ്ധം
(c) പ്രാരാബ്ധം
(d) പ്രാരാബ്ദം

Correct Choice: (**b**)

Solution:

ശരിയായ പദം - പ്രാരബ്ധം

92. ആഗമസന്ധിക്ക് ഉദാഹരണം?

(a) വിശപ്പുണ്ട്

(b) തലപ്പാവ്

(c) പൂക്കൾ

(d) തിരുവോണം

Correct Choice: (**d**)
Solution:

ഒരു വർണ്ണം കൂടുതലായി വന്നുചേരുന്നത് ( പ്രകൃതിയും പ്രത്യയവും ചേരുമ്പോഴോ രണ്ടുപദങ്ങൾ ചേരുമ്പോഴോ ആണ് ഈ മാറ്റം വരുന്നത്)

പ്രത്യേകം ശ്രദ്ധിക്കുക

'യ' 'വ' ഇതിൽ ഏതെങ്കിലും ഒന്നാണ് മിക്കവാറും കൂടുതലായി വന്നുചേരുന്നത്. പിരിച്ചെഴുതുമ്പോൾ ഇവ ഇല്ലാതിരിക്കുകയും ചേർത്തെഴുതുമ്പോൾ ഇതിൽ ഏതെങ്കിലും ഒന്ന് കാണുകയും ചെയ്യുന്നത് ശ്രദ്ധിക്കുക.

ഉദാ : അ + ഇടം = അവിടം - 'വ'

ഈ + ആൾ = ഈയാൾ - 'യ'

തിരു + ഓണം = തിരുവോണം - 'വ'

കലപ്പ + ഇൽ = കലപ്പയിൽ - 'യ'

ആ + ഇ = ആയി - 'യ'

കണ്ട + അർ = കണ്ടവർ - 'വ'

നോക്കുന്ന + അൻ = നോക്കുന്നവൻ - 'വ'

93. ആകാശം എന്ന പദത്തിൻറെ പര്യായമല്ലാത്തത് ഏത് ?

(a) വാനം

(b) കുമുദം

(c) ഗഗനം

(d) വ്യോമം

Correct Choice: (**b**)
Solution:

കുമുദം ഭൂമിയിൽ സന്തോഷത്തെ ഉണ്ടാക്കുന്നത്", വെളുത്ത ആമ്പൽ; ചെന്താമര; വെള്ളി; കർപ്പൂരം; അഷ്ടദിഗ്ഗജങ്ങളിൽ ഒന്ന്, കുമുദൻ; പാമ്പ്; കരിങ്കുരങ്ങ്; മേരുവിന്റെ

94. കേശവീയം എന്ന മഹാകാവ്യത്തിൻറെ കർത്താവ് ആരാണ് ?

(a) കെ.സി. കേശവപിള്ള

(b) കുറ്റിപ്പുറത്ത് കേശവൻ നായർ

(c) വള്ളത്തോൾ നാരായണമേനോൻ

(d) ഉള്ളൂർ എസ്. പരമേശ്വരയ്യർ

Correct Choice: (**a**)
Solution:

കെ.സി. കേശവപിള്ള രചിച്ച മഹാകാവ്യം ആണ് കേശവീയം. ഭാഗവതത്തിലെ സ്യമന്തകം കഥയുടെ പശ്ചാത്തലത്തിൽ എഴുതിയ ഈ കൃതി കാളിദാസ ശൈലിയായ വൈദർഭിയിലായിരുന്നു.

95. ഉറൂബ് എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ?

(a) പി.സി. ഗോപാലൻ

(b) എൻ. കൃഷ്ണപിള്ള

(c) കുറ്റിപ്പുഴ കൃഷ്ണപിള്ള

(d) പി.സി കുട്ടികൃഷ്ണൻ

Correct Choice: (**d**)
Solution:

മലയാളത്തിലെ ഒരു നോവലിസ്റ്റും ചെറുകഥാകൃത്തുമായിരുന്നു ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പി.സി. കുട്ടികൃഷ്ണൻ (1915 ജൂൺ 8 – 1979 ജൂലൈ 10). കവി, ഉപന്യാസകാരൻ, അദ്ധ്യാപകൻ, പത്രപ്രവർത്തകൻ, തിരക്കഥാകൃത്ത് എന്നീ നിലകളിലും അറിയപ്പെടുന്നു. ആകാശവാണിയുടെ കോഴിക്കോട് നിലയത്തിൽ 25 വർഷത്തോളം പ്രവർത്തിച്ചു. പല ജനപ്രിയ പരിപാടികളുടെയും നിർമ്മാതാവായിരുന്നു അദ്ദേഹം.

96. 'To go on' എന്ന പ്രയോഗത്തിൻറെ അർത്ഥമെന്ത് ?

(a) തുടരുക

(b) കടന്നുപോവുക

(c) യാത്രയാവുക

(d) നടന്നുപോവുക

Correct Choice: (**a**)

Solution:

തുടരുക= നീണ്ടുപോകുക,ഒന്നിനുപിറകെ മറ്റൊന്ന് എന്ന ക്രമത്തിൽ സംഭവിക്കുക

97. "Where there is a will, there is a way" സമാനമായ പഴഞ്ചൊല്ല് ഏത് ?

(a) ഐക്യമത്യം മഹാബലം

(b) പലതുള്ളി പെരുവെള്ളം

(c) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

(d) പയ്യെത്തിന്നാൽ പനയും തിന്നാം

Correct Choice: (**c**)
Solution:

പലതുള്ളി പെരുവെള്ളം - Many a little make a mickle. പയ്യെത്തിന്നാൽ പനയും തിന്നാം - Slow and steady, wins the race

98. 2007 ലെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച സാഹിത്യകാരൻ ആരാണ് ?

(a) വി.എസ്. ഖാണ്ഡേക്കർ

(b) ഒ.എൻ.വി. കുറുപ്പ്

(c) എം.ടി. വാസുദേവൻനായർ

(d) മഹാശ്വേതാദേവി

Correct Choice: (**b**)
Solution:

മലയാളത്തിലെ പ്രശസ്ത കവിയായിരുന്നു ഒ.എൻ.വി കുറുപ്പ് . ഒ.എൻ.വി. എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ നൽകി കേന്ദ്രസർക്കാർ ആദരിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും നൃത്തശിൽപങ്ങൾക്കും ഗാനങ്ങൾ രചിച്ചിട്ടുണ്ട്. വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് 2016 ഫെബ്രുവരി 13-ന് തിരുവനന്തപുരത്തുവച്ച് അന്തരിച്ചു. മലയാളത്തിലെ ആധുനികകവിതയ്ക്ക് ഭാവുകത്വപരമായ പൂർണ്ണത നൽകുന്നതിലും കവിതയെ സാധാരണജനങ്ങളിലെത്തിക്കുന്നതിനും മുന്നിൽ നിന്നവരിൽ പ്രമുഖനായിരുന്നു ഒ.എൻ.വി.

99. പ്രയോജക ക്രിയയ്ക്ക് ഉദാഹരണമേത് ?

(a) നടക്കുക

(b) പഠിക്കുക

(c) ഓടിക്കുക

(d) ഇരിക്കുക

Correct Choice: (**c**)
Solution:

ക്രിയക്ക് സ്വയം അർത്ഥം നൽകാൻ കഴിയാത്ത ക്രിയയാണ് പ്രയോജക ക്രിയ. പരപ്രേരണയോട് കൂടിയ ക്രിയകളാണ് പ്രയോജക ക്രിയകൾ.

100. തെറ്റായ പ്രയോഗം കണ്ടെത്തുക.

(a) ഒരിക്കൽക്കൂടി ഞാൻ അദ്ദേഹത്തെ കാണാൻ പോകും

(b) വീണ്ടും ഞാൻ അദ്ദേഹത്തെ കാണാൻ പോകും

(c) ഞാൻ അദ്ദേഹത്തെ കാണാൻ ഒരിക്കൽ കൂടി പോകും

(d) വീണ്ടും ഒരിക്കൽ കൂടി ഞാൻ അദ്ദേഹത്തെ കാണാൻ പോകും

Correct Choice: (**d**)
Solution:

വീണ്ടും = ഒരിക്കൽ കൂടി
ഒരേ അർത്ഥമുള്ള പദങ്ങളുടെ ആവർത്തനം ശെരിയാ ശരിയായ പ്രയോഗം അല്ല. "വീണ്ടും ഒരിക്കൽ കൂടി ഞാൻ അദ്ദേഹത്തെ കാണാൻ പോകും"